"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം-പൊന്നാനി എം.ഇ.എസ്.എച്ച്.എസ്.എസ്-ൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ജിയോളജി വിഷയത്തിലെ ജൂനിയർ തസ്തിക നിർത്തലാക്കിയും ഗണിതത്തിന്റെ ജൂനിയർ തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടും നിലവിലുള്ള ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി കോഴ്സിന് (കോഡ് 07) പകരം ഫിസിക്സ്. കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് (കോഡ് 05) എന്നുള്ള കോമ്പിനേഷൻ മാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3904/2025/GEDN തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. എം.ഇ.എസ്. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 13.12.2024-ലെ അപേക്ഷ
2. WP(C)No. 45422/2024-ലെ 20/12/2024-ലെ വിധിന്യായം
3. 31/01/2025 ലെയും 18/03/2025 ലെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ HSE/4311/2024-Acd C2 നമ്പർ കത്തുകൾ .
4. 17/02/2025 ലെ മലപ്പുറം മേഖലാ ഉപമേധാവിയുടെ ആർഡിഡി എച്ച് എസ് ഇ/എം.എൽപിഎം/507391/2025-എഫ് നമ്പർ കത്ത്.

**ഉത്തരവ്**

എം.ഇ.എസ് എയ്ഡഡ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ.പി.എ.ഫസൽ ഗഫൂർ ഫയൽ ചെയ്ത WP(C) No. 45422/2024 നം.കേസിലെ 20.12.2024-ലെ ഉത്തരവ് പ്രകാരം എക്സിബിറ്റ് പി5 അപേക്ഷ പരിഗണിക്കാനും ഉചിതമായ തീരുമാനമെടുക്കാനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി 19.2.2025 -ന് എതിർകക്ഷിയുടെ പ്രതിനിധിയെ അണ്ടർ സെക്രട്ടറി ഓൺലൈനായി നേരിൽ കേൾക്കുകയുണ്ടായി. ടി ഹിയറിംഗിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെയും പ്രതിനിധികൾ പങ്കെടുത്തു.

2. പെറ്റീഷണറുടെ പ്രതിനിധി ചുവടെ കൊടുത്തിരിക്കും പ്രകാരം അറിയിക്കുകയുണ്ടായി. 30-01-2024 ലെ കത്ത് പ്രകാരം പൊന്നാനി എം.ഇ.എസ്. എച്ച്.എസ്.എസ്സിലുള്ള (CODE 07) കോഴ്സ് ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി (CODE 05) ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്. മാത്സ് കോഴ്സ് ആയി മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പൊന്നാനി എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിൽ 4 ബാച്ചുകളാണുള്ളത് . മേൽപ്പറഞ്ഞ കോഴ്സ് (CODE 07) ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ

സയൻസ്, ജിയോളജി പഠിച്ച് പുറത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് മാത്സ് വിഷയം പഠിക്കാത്തതിനാൽ സയൻസ് ഗ്രൂപ്പ് പഠിക്കുന്നതിന്റെ യാതൊരു ഗുണവും ലഭിക്കുന്നില്ല. ഈ വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ്, പാരാമെഡിക്കൽ കോഴ്സുകൾക്ക് ചേരുവാനും എൻട്രൻസ് എഴുതുവാനും കൂടാതെ സയൻസ് വിഷയവുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് തുടർന്നു പഠിക്കാനും സാധിക്കുന്നില്ല. ആയതിനാൽ പ്രസ്തുത കോഴ്സ് (CODE 05) ഫിസിക്സ്, കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് ആക്കി മാറ്റിയാൽ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് കോഴ്സുകൾക്കും മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കും ചേർന്ന് പഠിക്കുവാൻ സാധിക്കും. പൊന്നാനി എച്ച്.എസ്.എസിലെ എച്ച്.എസ്.എസ്.ടി. (ജിയോളജി) ശ്രീ. കമാലുദ്ദീൻ ഉമ്മൈത്താനകം രാജി വെച്ചതിനാൽ (CODE 07) കോഴ്സിന് പകരം (CODE 05) കോഴ്സ് അനുവദിക്കുകയാണെങ്കിൽ സ്കൂളിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ജിയോളജി തസ്തിക ഇല്ലാതാവുകയും എച്ച്.എസ്.എസ്.ടി. (ജൂനിയർ) മാത്തമാറ്റിക്സ് തസ്തിക, എച്ച്.എസ്.എസ്.ടി. മാത്തമാറ്റിക്സ് ആയി മാറുകയും ചെയ്യും. ആയതിനാൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാവുകയില്ല. സ്കൂളിൽ നിലവിൽ 2 ജിയോളജി തസ്തികയാണുള്ളത്. 1 എച്ച്എസ്.എസ്.ടി. (ജിയോളജി) തസ്തികയും 1 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ജിയോളജി തസ്തികയുമാണുള്ളത്. ആയതിൽ എച്ച്.എസ്.എസ്.ടി. ജിയോളജി അദ്ധ്യാപകൻ ശ്രീ. കമാലുദ്ദീൻ ഉമൈത്താനകം എന്നു അദ്ധ്യാപകൻ ജോലിയിൽ നിന്നും രാജി വെച്ചതിനാൽ നിലവിലുള്ള കോമ്പിനേഷൻ (CODE 07) ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി ഗ്രൂപ്പിൽ നിന്നും ജിയോളജി ഒഴിവാക്കിയാലും നിലവിലുള്ള എച്ച്.എസ്.എസ്.ടി. (ജൂനിയർ) ജിയോളജി എച്ച്.എസ്.എസ്.ടി. ജിയോളജി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതാണ്. എം.ഇ.എസ്. മാനേജ്മെന്റിന് കീഴിലുള്ള ഒരു സ്കൂളിലും ജിയോളജി തസ്തികയില്ല. ഈ അദ്ധ്യാപികയുടെ എച്ച്.എസ്.എസ്.ടി. പോസ്റ്റ് നിലനിർത്താൻ ആവശ്യമായ പീരിയഡ് എം.ഇ.എസ്. പൊന്നാനിയിൽ തന്നെയുള്ള കോമ്പിനേഷൻ (CODE 12) ഹിസ്റ്ററി, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജിയോളജി ഗ്രൂപ്പിലുണ്ട്. ഒന്നാം വർഷം 8 പീരിയഡും, രണ്ടാം വർഷം 8 പീരിയഡും മൊത്തം 16 പീരിയഡുകൾ ലഭ്യമാണ്. (EXHIBIT 1) 30.08.2024 ലെ ജെ.ആർ.3/88/2024 പൊ.വി.വ ഉത്തരവ് പ്രകാരം(EXHIBIT 2) മലപ്പുറം ജില്ലയിലെ പൊന്നാനി എം.ഇ.എസ്.എച്ച്.എസ്.എസ്സിൽ നിലവിലുള്ള ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്. ജിയോളജി ന് (CODE 07) പകരം ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, മാത്സ് (CODE 05)എന്നുള്ള കോമ്പിനേഷൻ മാറ്റത്തിന് എച്ച്.എസ്.എസ്.ടി (ജൂനിയർ) ജിയോളജി തസ്തിക ഇല്ലാതാകുകയും ഗണിതത്തിന്റെ (ജൂനിയർ) തസ്തിക അപ്ഗ്രേഡ് ചെയ്യേണ്ടതുമായതിനാൽ ടി കോമ്പിനേഷൻ മാറ്റം അനുവദിക്കുന്നതിനുള്ള ശുപാർശ നിലവിലെ സാഹചര്യത്തിൽ അംഗീകരിക്കാനാവില്ലെന്ന് അറിയിച്ചിരുന്നു.എന്നാൽ പരാതിക്കാരൻ സമർപ്പിച്ച പുനഃപരിശോധന ഹർജിയിൽ (EXHIBIT 3) ഫിസിക്സ്, കെമിസ്ട്രി. ബയോളജി, മാത്സ് (CODE 01) രണ്ട് ബാച്ച് ഉള്ളതിനാൽ മാത്തമാറ്റിക്സ് വിഷയത്തിൽ ഒരു എച്ച്.എസ്.എസ്.ടി. തസ്തികയും ഒരു എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുമാണ് നിലവിലുള്ളത്. ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി (CODE 07) കോമ്പിനേഷൻ മാറ്റി ഫിസിക്സ്, കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് (CODE 05) കോമ്പിനേഷൻ ആക്കി മാറ്റിയാൽ നിലവിലുള്ള എച്ച്.എസ്.എസ്.ടി. (ജൂനിയർ) മാത്തമാറ്റിക്സ് തസ്തിക എച്ച്.എസ്.എസ്.ടി. തസ്തികയായി മാറുന്നു. ഇപ്പോൾ എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ എച്ച്.എസ്.എസ്ടി. (ജൂനിയർ) മാത്തമാറ്റിക്സ് തസ്തികയിൽ ജോലി ചെയ്തുവരുന്ന സീനിയർ അദ്ധ്യാപകൻ/അദ്ധ്യാപിക എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യപ്പെടുന്നു. നിലവിൽ എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) മാത്തമാറ്റിക്സ് തസ്തികയിൽ ഏറ്റവും സീനിയർ ആയിട്ടുള്ള അദ്ധ്യാപിക പൊന്നാനി എം.ഇ.എസ്.എച്ച്.എസ്.എസ്സിലെ ശ്രീമതി സജിത കെ.എം.ആണ്. സ്വാഭാവികമായും പ്രസ്തുത എച്ച്.എസ്.എസ്.ടിയാണ് എച്ച്.എസ്.എസ്.ടി.

മാത്തമാറ്റിക്സ് തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യപ്പെടേണ്ടത്. ശ്രീമതി. സജിത കെ.എം. എന്ന അദ്ധ്യാപിക സെലക്ഷൻ ഗ്രേഡ് (56500-118100) അടിസ്ഥാന ശമ്പളം 79000 വാങ്ങുന്നു. ഈ അദ്ധ്യാപികയെ എച്ച്.എസ്.എസ്.ടി. മാത്തമാറ്റിക്സ് തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്തുകഴിഞ്ഞാൽ (55200-115300) എന്ന അടിസ്ഥാന ശമ്പളത്തിൽ യാതൊരു മാറ്റവും കൂടാതെ നിലനിൽക്കും. ആയതിനാൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും വരുന്നില്ലെന്ന് അറിയിച്ചിരിക്കുന്നു.
പിടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അപേക്ഷ , പൊന്നാനി എം.ഇ.എസ്. എച്ച്.എസ്.എസിലെ സ്റ്റാഫ് ഫിക്സേഷൻ (2017-18, 2018-19), ശ്രീമതി. സാജിത കെ.എം.ന്റെ 15 വർഷത്തെ ഗ്രേഡ് അനുവദിച്ച ഉത്തരവ് എന്നിവയും ഹാജരാക്കിയിട്ടുണ്ട്. മാത്രല്ല, ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി (CODE 07) കോമ്പിനേഷൻ മാറ്റി ഫിസിക്സ്. കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് (CODE 05) കോമ്പിനേഷൻ ആക്കിയുള്ള മാറ്റത്തിലൂടെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ജിയോളജി തസ്തിക ഇല്ലാതാകും. ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി (CODE 07) കോമ്പിനേഷൻ നിലനിർത്തുകയാണെങ്കിൽ എച്ച്.എസ്.എസ്.ടി. ജിയോളജി (ജൂനിയർ) തസ്തികയിൽ പുതിയ നിയമനം നടത്തുകയും തൻമൂലം അടിസ്ഥാന ശമ്പളം 45600 (സ്കെയിൽ 45600-95600)ആവുകയും സർക്കാരിന് സാമ്പത്തിക ബാധ്യത വരുകയും ചെയ്യുന്നു.മേൽപ്പറഞ്ഞ സാഹചര്യത്തിൽ പൊന്നാനി എം.ഇ.എസ്. എച്ച്.എസ്.എസ്സിൽ നിലവിലുള്ള ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി (CODE 07) കോമ്പിനേഷൻ മാറ്റി ഫിസിക്സ്, കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് (CODE 05) കോമ്പിനേഷൻ ആക്കി മാറ്റിതരണമെന്ന് അപേക്ഷിച്ചിരിക്കുന്നു .

3. വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ കൊടുത്തിരിക്കും പ്രകാരം അറിയിച്ചു. മലപ്പുറം ജില്ലയിൽ എം ഇ എസ് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പൊന്നാനി എം ഇ എസ് ഹയർസെക്കന്ററി സ്കൂളിലെ കോമ്പിനേഷൻ കോഡ് (07) (ഫിസിക്സ് കെമിസ്ട്രി,കമ്പ്യൂട്ടർ സയൻസ്, ജിയോളജി) എന്ന ബാച്ച് മാറ്റി കോമ്പിനേഷൻ കോഡ് (05) (ഫിസിക്സ് കെമിസ്ട്രി, കമ്പൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്ന ബാച്ച് അനുവദിക്കുന്നതിന് ആണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. ടി സ്കൂളിൽ കോമ്പിനേഷൻ കോഡ് 01 (ഫിസിക്സ് കെമിസ്ട്രി, ബോട്ടണി, സുവോളജി, മാത്തമാറ്റിക്സ്) രണ്ട് ബാച്ചും കോമ്പിനേഷൻ കോഡ് 07 (ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി) ന് ഒരു ബാച്ചും കോമ്പിനേഷൻ കോഡ് 12 (ഹിസ്റ്ററി, ഇക്കണോമിക്സ് പൊളിറ്റിക്കൽ സയൻസ്, ജിയോളജി) ന് ഒരു ബാച്ചും ഉൾപ്പെടെ ആകെ 4 ബാച്ചുകൾ നിലവിലുണ്ട് എന്നും ജിയോളജി വിഷയത്തിൽ 4 X 8 = 32 പിരിയഡിന് ഒരു സീനിയർ തസ്തികയും ഒരു ജൂനിയർ തസ്തികയും അനുവദിച്ചിട്ടുണ്ട് എന്നും കോഡ് 07 ബാച്ചിന് പകരം കോഡ് 05 ബാച്ച് (ഫിസിക്സ്, കെമിസ്ട്രി, ഗണിതം, കമ്പൂട്ടർ സയൻസ്) അനുവദിക്കുമ്പോൾ ജിയോളജി വിഷയത്തിന്റെ 32 പിരിയഡിൽ നിന്ന് 16 പിരിയഡ് കുറഞ്ഞ് 16 പിരിയഡ് ആവുകയും മാത്തമാറ്റിക് വിഷയത്തിന് നിലവിലുള്ള 32 പിരിയഡിന്റെ കൂടെ 16 പിരിയഡ് അധികമായി 48 പിരിയഡ് ആവുകയും ചെയ്യുമെന്നും തൽഫലമായി ഗണിതം വിഷയത്തിലെ ജൂനിയർ തസ്തിക സീനിയർ തസ്തികയായി അപ്ഗ്രേഡ് ചെയ്യേണ്ടതായി വരുമെന്നും രണ്ട് ജൂനിയർ തസ്തിക (ജിയോളജി, ഗണിതം) യ്ക്ക് പകരം ഒരു സീനിയർ (ഗണിതം) തസ്തിക അനുവദിക്കേണ്ടതായി കാണുന്നു എന്നും ആർഡിഡി അറിയിച്ചിരിക്കുന്നു. സീനിയർ ജിയോളജി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ കമാലുദ്ദീൻ ഉമൈത്താനകം 11/06/2008 മുതൽ ശൂന്യവേതനാവധിയിൽ ആയ ഒഴിവിൽ ജൂനിയർ ജിയോളജി അധ്യാപിക ശ്രീമതി. ഫസീലത്തിനെ നിയമിച്ചിരുന്നു . അതിൻ പ്രകാരം ഉണ്ടായ ജൂനിയർ ജിയോളജി തസ്തികയിൽ ശ്രീമതി. സുഹറ പി യെ ലീവ് സബ്സ്റ്റിറ്റ്യൂട്ടായി നിയമിച്ചിരുന്നു. 10/06/2023 ന് ശ്രീ.കമാലുദ്ദീൻ ഉമൈത്താനകം സീനിയർ ജിയോളജി തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിച്ചതിൽ ജൂനിയർ തസ്തികയിലെ ശ്രീമതി.സുഹറ പി തസ്തിക ഒഴിയേണ്ടി വന്നു. ടിയാൾക്ക് എം ഇ എസ് മണ്ണാർക്കാട്ട് സ്കൂളിൽ എച്ച് എസ് ടി നാച്ചുറൽ സയൻസ് തസ്തികയിൽ 12/06/2023 മുതൽ മാനേജർ നിയമനം നൽകിയിട്ടുണ്ട് എന്ന് ആർഡിഡി അറിയിച്ചിട്ടുണ്ട്. 08/12/2023 ന് ശ്രീ കമാലുദ്ധീൻ

ഉമൈത്താനകം സീനിയർ ജിയോളജി തസ്തികയിൽ നിന്ന് രാജി വെച്ചതിൽ ജൂനിയർ തസ്തികയിലെ ഫസീലത്ത് സി യെ വീണ്ടും എച്ച് എസ് എസ് റ്റി തസ്തികയിൽ നിയമിക്കുകയുണ്ടായി എന്നും ജൂനിയർ ജിയോളജി തസ്തികയിൽ മാനേജർ ആരെയും നിയമിച്ചിട്ടില്ല എന്നും ടി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മറ്റ് സ്കൂളുകളിൽ ജിയോളജി തസ്തിക ഇല്ല എന്നും ആർഡിഡി അറിയിച്ചിരിക്കുന്നു. പൊന്നാനി എം ഇ എസ് ഹയർ സെക്കന്ററി സ്കൂളിലെ കോഡ് 07 ബാച്ച് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പഠന സാധ്യതകൾ വിരളമാണെന്നതിനാൽ കോഡ് 07 മാറ്റി കോഡ് 05 ബാച്ച് അനുവദിക്കുന്നതിനായി സ്കൂൾ പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി തയ്യാറാക്കി മാനേജർക്ക് സമർപ്പിച്ച പ്രമേയത്തിന്റെ പകർപ്പ് മാനേജർ സമർപ്പിച്ചിട്ടുണ്ട് എന്നും ആർഡിഡി അറിയിച്ചിരിക്കുന്നു.14 വർഷത്തോളം ജൂനിയർ ജിയോളജി തസ്തികയിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ടായി ജോലി ചെയ്ത ശ്രീമതി സുഹറ പി, ടി തസ്തികയിൽ 51 എ അവകാശമുന്നയിച്ച് റിട്ട് ഹർജി നം.28378/2024 ഫയൽ ചെയ്തിരുന്നു എന്നും ടി ഹർജിയിലെ ബഹു.ഹൈക്കോടതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പാക്കി ജൂനിയർ ജിയോളജി തസ്തികയിൽ ടിയാളെ നിയമിക്കുന്നതിന് മാനേജർക്ക് 8/12/2024 ന് ആർഡിഡി ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു എന്നും പ്രസ്തുത സമയത്ത് ടിയാൾക്ക് എച്ച് എസ് എ തസ്തികയിലെ നിയമനം അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും കോമ്പിനേഷൻ കോഡ് 07 മാറ്റി സർക്കാർ ഉത്തരവായിട്ടില്ലാത്തതിനാലും ആണ് അപ്രകാരം ആർഡിഡി ഓഫീസിൽ നിന്ന് ഉത്തരവായിട്ടുള്ളത് എന്നും ആർഡിഡി അറിയിച്ചിട്ടുണ്ട്. മലപ്പുറം, പൊന്നാനി, എം.ഇ.എസ്. എച്ച് എസ് എസിന്റെ 5 കിമി ചുറ്റളവിലുള്ള എം.ഐ. എച്ച് എസ് എസ് പൊന്നാനി, ഐ എച്ച് എസ് എസ് പൊന്നാനി (അൺ-എയ്ഡഡ്) എന്നീ സ്കൂളുകളിൽ കോഴ്സ് കോഡ് 05 കോമ്പിനേഷൻ നിലവിലുള്ളതായി 22/04/2024 ലെ എഫ്/618/2024 നമ്പർ കത്ത് പ്രകാരം ആർഡിഡി അറിയിച്ചിട്ടുണ്ട്. ടി സ്കൂളിൽ, മേൽ ആവശ്യപ്പെട്ട പ്രകാരം കോമ്പിനേഷൻ മാറ്റം അനുവദിക്കുകയാണെങ്കിൽ ജിയോളജി വിഷയത്തിലെ ജൂനിയർ തസ്തിക ഇല്ലാതാവുകയും ഗണിതത്തിന്റെ ജൂനിയർ തസ്തിക അപ്ഗ്രേഡ് ചെയ്യപ്പെടുകയും ചെയ്യുമെന്ന് കാണുന്നു. നിലവിൽ ടി സ്കൂളിലെ ജിയോളജി വിഷയത്തിലെ ജൂനിയർ തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല എന്ന് കാണുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പൊന്നാനി എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ജിയോളജി വിഷയത്തിലെ ജൂനിയർ തസ്തിക നിർത്തലാക്കിയും ഗണിതത്തിന്റെ ജൂനിയർ തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടും പൊന്നാനി എം.ഇ.എസ്.എച്ച്.എസ്.എസ്-ൽ നിലവിലുള്ള ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി കോഴ്സിന് (കോഡ് 07) പകരം ഫിസിക്സ്. കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് (കോഡ് 05) എന്നുള്ള കോമ്പിനേഷൻ മാറ്റം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തോട് യോജിക്കാവുന്നതും എം.ഇ.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പൊന്നാനി എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിൽ ജിയോളജി വിഷയത്തിലെ ജൂനിയർ തസ്തിക നിർത്തലാക്കിയും ഗണിതത്തിന്റെ ജൂനിയർ തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടും ടി സ്കൂളിൽ നിലവിലുള്ള ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ജിയോളജി കോഴ്സിന് (കോഡ് 07) പകരം ഫിസിക്സ്. കെമിസ്ട്രി, മാത്സ്, കമ്പ്യൂട്ടർ സയൻസ് (കോഡ് 05) എന്നുള്ള കോമ്പിനേഷൻ മാറ്റം അനുവദിച്ച് കൊണ്ട് എം.ഇ.എസ് എയ്ഡഡ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ.പി.എ.ഫസൽ ഗഫൂർ

ഫയൽ ചെയ്ത WP(C) No. 45422/2024 നം.കേസിലെ 20.12.2024-ലെ വിധി പാലിച്ചുത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYADARSHINI MOHANDAS
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ്ജനറൽ, കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)
കോർപ്പറേറ്റ് മാനേജർ, എം.ഇ.എസ്. എയ്ഡഡ് സ്കൂൾസ്, നടക്കാവ്
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ,(ഹയർ സെക്കന്ററി വിഭാഗം),തിരുവനന്തപുരം
മേഖലാ ഉപമേധാവി, മലപ്പുറം
ധനകാര്യ വകുപ്പ് (E:2791760/EDN-B1/207/2024-FIN തീയതി 27.05.2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by N K Sheena**
**Date: 17-06-2025 11:06:42**
സെക്ഷൻ ഓഫീസർ